യോഹ. 20:19-23

**2024 മെയ് 19**

## വചനഭാഷ്യം

**ഡോ. ജേക്കബ് ചാണിക്കുഴി**

# പന്തക്കുസ്ത: പഴയലോകത്തിൽ പുതിയ മനുഷ്യരാകാനുള്ള വിളി

**യഹൂദരെ ഭയന്ന് കതകടച്ചിരിക്കുന്ന ശിഷ്യർ** (യോഹ. 20, 19മ): ഉത്ഥിതനായ യേശുവിന്റെ സാന്നിദ്ധ്യം അവശ്യം നമുക്കുവേണ്ട ഒരു മേഖലയാണ് ഭയത്തിന്റെ മേഖല – വളരെ പ്രത്യേകമായി വിവിധങ്ങളായ ഭയങ്ങൾ സംഭാഷണത്തിന്റെയും സൗഹൃദത്തിന്റെയും വാതിലുകൾ കൊട്ടിയടക്കാൻ നമ്മെ പ്രേരിപ്പിക്കുമ്പോൾ ജീവിതപങ്കാളിയുടെ നേരെയും മറ്റു കുടുംബാംഗങ്ങളുടെയും അയൽപക്കക്കാരുടെയും ബന്ധുജനങ്ങളുടെ നേരെയും ക്ഷമയുടെയും കരുണയുടെയും പരിഗണനയുടെയും പരസ്പര ബഹുമാനത്തിന്റെയും വാതിലുകൾ നാം കൊട്ടിയടക്കുന്നത് നമുക്കു നഷ്ടങ്ങളും മുറിവുകളുമുണ്ടാകുമെന്ന് ഭയപ്പെട്ടിട്ടായിരിക്കുമോ? മെച്ചപ്പെട്ട ആശയങ്ങളെയും സമീപനങ്ങളെയും കാലാനുസൃതമായ മാറ്റങ്ങളെയും ഉൾക്കൊള്ളാനാകാതെ ഹൃദയവാതിലുകൾ കൊട്ടിയടച്ച് പഴമയുടെയും അർത്ഥരഹിതമായ പാരമ്പര്യത്തിന്റെയും കൊട്ടിയടച്ച വാതിലിനുള്ളിൽ കഴിയുന്നവർ ഉത്ഥിതനെ ഇനിയും അനുഭവിക്കാത്തവരാണ്. മറ്റു മതസ്ഥരുമായി യാതൊരു സംസർഗവും സാധ്യമാകാത്ത രീതിയിൽ വാതിലുകൾ കൊട്ടിയടക്കുകയും അതിനായി മറ്റുള്ളവരെ നിർബന്ധിക്കുകയും ചെയ്യുന്ന ഭയാക്രാന്തരുടെ എണ്ണം ആശങ്കജനകമാംവിധം വർധിച്ചുവരുന്നു.

''എത്രനാൾ നാം ഭയന്ന് അകത്തൊളിച്ചിരിക്കും. എത്രനാൾ വാതിൽ തുറന്നു നാം പുറത്തിറങ്ങാതിരിക്കും.'' ഈ സുവിശേഷഭാഗത്തെ അടിസ്ഥാനമാക്കി ഫ്രാൻസിസ് പാപ്പ ചോദിക്കുന്നു. വാതിലുകൾ അടച്ച് സുരക്ഷിതരെന്ന മിഥ്യാബോധത്തിൽ അകത്തിരിക്കുന്നിടത്തോളം കാലം നമ്മുടെ അസ്തിത്വം അടിസ്ഥാനരഹിതമായിരിക്കും. വാതിലിനു പിറകിൽ ഭയന്നിരിക്കുന്നവർക്ക് ലോകത്തിൽ എന്തു ദൗത്യമാണു നിർവഹിക്കനാവുക? അർത്ഥരഹിതമായ, മുരടിച്ച ഒരു ജീവിതത്തെയല്ലേ അവർ വാതിലടച്ചു സുരക്ഷിതമാക്കുന്നത്?

**പിതാവ് എന്നെ അയച്ചതുപോലെ** (യോഹ. 20, 21): അകത്തിരിക്കുന്നവരെ പുറത്തയക്കാനാണ് ഉത്ഥിതൻ ശിഷ്യരുടെയടുത്തെത്തിയത്. വാതിലുകൾ അടച്ചിടാനുള്ള അവരുടെ തീരുമാനത്തെ ''വിവേക''മെന്ന് ശ്ലാഘിച്ചില്ല. പകരം അവർ ഭയന്നിരുന്ന അതേ ലോകത്തിലേക്ക് അതേ സാഹചര്യത്തിലേക്ക് അവിടുന്ന് അവരെ പറഞ്ഞയയ്ക്കുകയാണ്. ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.'' മാറിയ ലോകത്തിലേക്കല്ല, മാറിയ മനുഷ്യരായാണ് ശിഷ്യർ ലോകത്തിലേക്കിറങ്ങുന്നത്.

**നിങ്ങൾക്കു സമാധാനം** (യോഹ. 20, 19): കൊട്ടിയടച്ച മുറികളിൽ നിന്നു പുതിയ മനുഷ്യരായി ശിഷ്യന്മാർ പുറംലോകത്തിലേക്കു ചുവടുവച്ച ദിവസമാണ് പന്തക്കുസ്ത. പക്ഷേ, ശിഷ്യർക്ക് അതു സ്വയം സാധിച്ച കാര്യമല്ല. ആദ്യം യേശു അവർക്കു സമാധാനം നല്കുന്നു. തന്റെ രക്ഷാകരകർമ്മത്തിലൂടെ മനുഷ്യവർഗത്തിനായി യേശു കൈവരിച്ച നേട്ടമാണു സമാധാനം. മനുഷ്യനെ ദൈവത്തോടുള്ള മറുതലിപ്പിൽ നിന്നും ദൈവത്തോട് അവിടുന്ന് അനുരഞ്ജനപ്പെടുത്തി. പാപത്തിലൂടെ ദൈവത്തിൽനിന്ന് അകന്നു കഴിയുന്ന മനുഷ്യന് എങ്ങനെയാണ് ദൈവത്തിനു സാക്ഷിയാകാൻ കഴിയുക? എങ്ങനെ യാണ് മറ്റുള്ളവരുമായി സമാധാനത്തിൽ കഴിയാൻ പറ്റുക? എങ്ങനെ തന്റെ തന്നെ ജീവിതത്തിൽ സമാധാനം കണ്ടെത്താൻ കഴിയുക? ഉത്ഥിതനെ അനുഭവിക്കുക എന്നാൽ ജീവിതത്തിൽ സമാധാനം അനുഭവിക്കാൻ കഴിയുക എന്നർത്ഥം. ക്രിസ്തുശിഷ്യൻ വാതിൽ തുറന്നു പുറത്തിറങ്ങുന്നത് ഈ സമാധാനം പകർന്നു നല്കാനാകണം. കുടംബാംഗങ്ങൾക്കിടയിൽ വിവിധ മതസ്ഥർക്കിടയിൽ, വിഭാഗങ്ങൾക്കിടയിൽ സഹവർത്തിത്വവും സമാധാനവും സാധ്യമാക്കുന്നവരാണ് ഉത്ഥിതന്റെ സാക്ഷികൾ.

**ശിഷ്യന്മാർ സന്തോഷിച്ചു** (യോഹ. 20, 20): ജീവിത സന്തോഷം ക്രിസ്തുശിഷ്യന്റെ അവകാശമാണ്. ജീവിതസന്തോഷം പലരിലും പലതിലും തേടി പരാജയപ്പെട്ട്, പിന്നെയും ദാഹശമനത്തിനു പൊട്ടക്കിണറുകൾ തേടി നടക്കുന്നവർ എങ്ങനെ ക്രിസ്തുശിഷ്യരാകും. ''അങ്ങയുടെ രക്ഷയുടെ

സന്തോഷം വീണ്ടും എനിക്കു നല്കണമേ'' (സങ്കീ. 51:12) എന്ന സങ്കീർത്തകന്റെ പ്രാർത്ഥന ക്രിസ്തുശിഷ്യന്റേതുമാകണം. ഭയത്തിൽനിന്നും ദുഃഖത്തിൽ നിന്നും നിരാശയിൽ നിന്നും സർവോപരി പാപത്തിൽ നിന്നും രക്ഷ കിട്ടിയവന്റെ സന്തോഷം അനുഭവിക്കാൻ ഭാഗ്യം ലഭിച്ചവനാണു ക്രിസ്തുശിഷ്യൻ. അവൻ മുറിക്കുള്ളിൽ നിന്നു പുറത്തിറങ്ങുന്നത് ഈ സന്തോഷം പ്രസരിപ്പിക്കാനാകണം. യേശുവിനെ കണ്ടപ്പോൾ ശിഷ്യർക്കു സന്തോഷമുണ്ടായതുപോലെ യഥാർത്ഥ ക്രിസ്തുശിഷ്യൻ കുടംബത്തിലും ഇടവകയിലും സഭയിലും സമൂഹത്തിലും സന്തോഷം വിതയ്ക്കുന്നവനാകണം. പക്ഷേ, അതിനുവേണ്ട വില കൊടുത്തതിന്റെ അടയാളം നമ്മിൽ എത്ര പേരുടെ കൈകളിലും പാർശ്വത്തിലുമുണ്ട്?

**നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ** (യോഹ. 20, 22): ആത്മാവിനെ അയയ്ക്കുമെന്ന വി. യോഹന്നാന്റെ സുവിശേഷത്തിലെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണിത്. ദൈവം പൂഴിയുടെമേൽ ഊതി അതിനെ ജീവനുള്ള മനുഷ്യനാക്കിയതുപോലെ (ഉല്പ. 2, 7), ജീവശ്വാസം അസ്ഥികളുടെ താഴ്മയെ ഒരു മഹാസൈന്യമായി പുനരുജ്ജീവിപ്പിച്ചതുപോലെ (എസക്കിയേൽ 37:1–11), പൂഴിയായി, ചാരമായി, അസ്ഥിപഞ്ചരമായിത്തീരേണ്ടിയിരുന്ന ശിഷ്യസമൂഹത്തെ തന്റെ ആത്മാവിനാൽ യേശു പുനരുജ്ജീവിപ്പിക്കുന്നു. അവർക്കിനി ആരെയും ഭയപ്പെടേണ്ടതില്ല; ആർക്കും അവരെയും ഭയപ്പെടേണ്ടതില്ല. കാരണം അവർ സംസാരിക്കുന്നത് ക്ഷമയുടെ പാപമോചനത്തിന്റെ ഭാഷയാണ്. പാപത്തിനു പകരം ചോദിക്കാനല്ല. പാപം ക്ഷമിക്കാനാണ് അവർ വാതിൽ തുറന്നിറങ്ങുന്നത്.

ഉത്ഥിതനായ യേശുവിനെ അനുഭവിച്ചതിലൂടെ പരി. ആത്മാവിനാൽ നിറഞ്ഞ്, എല്ലാവിധ ഭയപ്പാടുകളിൽ നിന്നും മോചനം നേടി, രക്ഷയുടെ സന്തോ ഷവും സമാധാനവും ആസ്വദിച്ചും പ്രസരിപ്പിച്ചും ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും ഭാഷ സംസാരിച്ചും പുറത്തിറങ്ങാൻ ശിഷ്യരെ പ്രാപ്തരാക്കിയ ദൈവം ഒരു പുതിയ പന്തക്കുസ്താനുഭവത്തിലേക്ക് നമ്മെയും നമ്മുടെ കുടുംബങ്ങളെയും ഇടവകകളെയും സഭയെത്തന്നെയും നയിക്കുമാറാകട്ടെ! എ